"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഡിമാന്റ് നോട്ടീസ് നൽകിയ കാലയളവിന് മുൻപുള്ള പിഴപലിശ ഒഴിവാക്കിയും, നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിട ഉടമകൾ അടക്കേണ്ട നികുതി കുടിശ്ശിക, ഉടമകൾ ആവശ്യപ്പെടുന്നപക്ഷം 31.03.2025-നകം ഗഡുക്കളായി ഒടുക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1807/2024/LSGD തീയതി,തിരുവനന്തപുരം, 28-09-2024

---

പരാമർശം:- 1. 06.03.2019-ലെ സ. ഉ (കൈ) നം. 540/2019/തസ്വഭവ ഉത്തരവ്.

2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.07.2024-ലെ LSGD/PD/24038/2024-REV2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം 2011-ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ പ്രാബല്യത്തീയതി 01.04.2016 ആയി നിശ്ചയിച്ചിരുന്നു. എന്നാൽ 2016-ൽ പൂർത്തിയാക്കേണ്ടിയിരുന്ന വസ്തു നികുതി പരിഷ്കരണം പല നഗരസഭകളും 2022-23 കാലയളവിലാണ് പൂർത്തിയാക്കിയത്. ഇതിനെ തുടർന്ന് 2016 മുതലുള്ള നികുതി കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കാനുള്ള നടപടികൾ നഗരസഭകൾ സ്വീകരിച്ചു വരുന്നുണ്ട്.

2. 2016-ൽ പൂർത്തിയാക്കേണ്ടിയിരുന്ന വസ്തു നികുതി പരിഷ്കരണം പല നഗരസഭകളും 2022-23 കാലയളവിൽ പൂർത്തിയാക്കിയ സാഹചര്യത്തിൽ, 2016 മുതലുള്ള നികുതി കുടിശ്ശിക, പിഴ പലിശ സഹിതം നഗര സഭകൾ ഈടാക്കുന്ന സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 58 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഡിമാന്റ് നോട്ടീസ് നൽകിയ കേസുകളിൽ ആദ്യമായി ഡിമാന്റ് നോട്ടീസ് നൽകിയ കാലയളവിന് മുൻപുള്ള പിഴ പലിശ ഒഴിവാക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ നികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിട ഉടമകൾ അടക്കേണ്ട നികുതി കുടിശ്ശിക, ഉടമകൾ ആവശ്യപ്പെടുന്നപക്ഷം 31.03.2025-നകം ഗഡുക്കളായി ഒടുക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ ക്രമീകരണം ഇൻഫർമേഷൻ കേരള മിഷൻ ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ സി 2/247/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Pradeesh M

സെക്ഷൻ ഓഫീസർ

Date: 30-09-2024 10:48:14

പകർപ്പ്-ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്